# ഹെഡ്മാസ്റ്റേഴ്സ് ഫോറം - മലപ്പുറം ഉപജില്ല
# സന്നാഹം - 2017
## എൽ.എസ്.എസ്. മാതൃക പരീക്ഷ

ഘട്ടം – 5

| രജി: നമ്പർ | | | | | |
|---|---|---|---|---|---|
| | | | | | |

(പേപ്പർ –I) (പാർട്ട് – എ)

**മലയാളം**

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 20

**ശരിയായ ഉത്തരത്തിന് നേരെ ✓ മാർക്ക് ചെയ്യുക.**

1. *സ്വാതന്ത്ര്യം തന്നെ ജീവിതം*
*സ്വാതന്ത്ര്യം തന്നെ അമൃതം*
*പാരതന്ത്ര്യം മാനികൾക്ക്*
*മൃതിയേക്കാൾ ഭയാനകം*

ഈ വരികൾ ആരുടേതാണ് ? (1 സ്കോർ)

a. കുമാരനാശാൻ ☐ b. പൂന്താനം ☐ c. ഉള്ളൂർ ☐ d. വള്ളത്തോൾ ☐

2. അർത്ഥം കണ്ടെത്തുക ? (1 സ്കോർ)

*ശ്യാമളം*

a. ചന്ദ്രൻ ☐ b. സുഗന്ധം ☐ c. കറുത്ത ☐ d. സുന്ദരം ☐

3. ‘എഴുതാപ്പുറം വായിക്കരുത്’ - ശൈലി അർത്ഥമാക്കുന്നത് എന്ത് ? (1 സ്കോർ)

a. എഴുതിയ പുറം മാത്രം വായിക്കുക ☐

b. തെറ്റായ കാര്യം ചിന്തിക്കരുത് ☐

c. വേഗത്തിൽ വായിക്കുക ☐

d. തെറ്റായ വ്യാഖ്യാനം നൽകരുത് ☐

4. ‘കുചേലവൃത്തം വഞ്ചിപ്പാട്ട്’ ആരുടെ കൃതിയാണ് ? (1 സ്കോർ)

a. ചെറുശ്ശേരി ☐ b. ഇടശ്ശേരി ☐

c. രാമപുരത്തുവാര്യർ ☐ d. ഒ.എൻ.വി ☐

5 താഴെ പറയുന്നവയിൽ ആധുനിക കവിത്രയങ്ങളിൽ പെടാത്തതാര് ? (1 സ്കോർ)

a. കുമാരനാശാൻ ☐ b. ഒ.എൻ.വി. ☐ c. വള്ളത്തോൾ ☐ d. ഉള്ളൂർ ☐

6. ഒരു കാര്യപരിപാടിയിലെ ശരിയായ ഘടന താഴെപറയുന്നവയിൽ ഏതാണ് ? (1 സ്കോർ)

a. സ്വാഗതം, അധ്യക്ഷത, ഉദ്ഘാടനം, നന്ദി ☐

b. നന്ദി, അധ്യക്ഷത, ഉദ്ഘാടനം. സ്വാഗതം ☐

c. ഉദ്ഘാടനം, സ്വാഗതം, അധ്യക്ഷത നന്ദി ☐

d. സ്വാഗതം, ഉദ്ഘാടനം, അധ്യക്ഷൻ, നന്ദി ☐

7. കൂട്ടത്തിൽ പെടാത്തത് ഏത് ? (1 സ്കോർ)

a. ദ്രുമം ☐ b. ശാഖി ☐ c. തരു ☐ d. ഗജം ☐

8. അക്ഷരമാല ക്രമം പാലിച്ച് എഴുതിയ കൂട്ടം ഏത് ? (1 സ്കോർ)

a. അതിഥി, ദാനം, ഉറി, രവം ☐ b. അതിഥി, ഉറി, ദാനം, രവം ☐

c. രവം, അതിഥി, ഉറി, ദാനം ☐ d. അതിഥി, ഉറി, രവം, ദാനം ☐

9. താഴെ പറയുന്നതവിയൽ 'ഒരുമ' എന്ന ആശയം വരാത്തതേത് ? (1 സ്കോർ)

a. ഐക്യമത്യം മഹാബലം ☐

b. ഒത്തുപിടിച്ചാൽ മലയും പോരും ☐

c. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും ☐

d. ഒരുമയുണ്ടെങ്കിൽഉലക്കയിലുംകിടക്കാം ☐

10. താഴെ പറയുന്നവയിൽ തുള്ളലിന്റെ വരികൾ ഏത് ? (1 സ്കോർ)

a. നോക്കെടാ നമ്മുടെ മാർഗേ കിടക്കുന്ന ☐
മർക്കടാ നീയങ്ങു മാറിക്കിടാശടാ

b. പൊന്നു കൊണ്ടു പോള ചാർത്തി ☐
വെള്ളികൊണ്ടു മണി കെട്ടി
പരുന്തുപോൽ ചുണ്ടൻ വള്ളം കടന്നുപോയി

c. മണ്ണു തിന്നീടിനാൻ കണ്ണനെന്നിങ്ങനെ ☐
തിണ്ണം പോയ് ചെന്നിട്ടാദ്ദാരകൻമാർ

d. ഓമനത്തിങ്കൾ ക്കിടാവോ നല്ല ☐
കോമളത്താമരപ്പൂവോ

11. **കുറിപ്പ് തയ്യാറാക്കാം**

അങ്ങാടിപ്പുറം പഞ്ചായത്തിലെ തെക്കേപുറം കോളനിയിലെ നൂറോളം വീടുകൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുകയാണ് വറ്റിവരണ്ട കിണറുകളും കുളങ്ങളും ഉണങ്ങിത്തുടങ്ങിയ കൃഷിഭൂമികൾ, ജലസമൃദ്ധമായ നമ്മുടെ ഗ്രാമത്തിന്റെ അവസ്ഥ ഈ രീതിയിലായത് മയിലാടുംകുന്ന് ഇടിച്ചു നിരത്തിയതനു ശേഷമാണോ ? കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും ചെയ്തേപറ്റൂ. കോളനി നിവാസികൾ പത്രത്തിൽ ഒരു വാർത്ത കൊടുക്കാൻ തീരുമാനിച്ചു.

a. തെക്കേപ്പുറം കോളനി നിവാസികൾ നേരിടുന്ന പ്രശ്നം എന്ത് ? (1 സ്കോർ)

b. ഈ പ്രശ്നത്തിനു കാരണമായി അവർ കണ്ടെത്തിയത് എന്ത്് ? (1 സ്കോർ)

c. പിറ്റേദിവസത്തെ പത്രത്തിൽ വന്ന വാർത്ത എങ്ങനെയായിരിക്കും (3 സ്കോർ)

**12.** ഇരുട്ടിന്റെ മറനീക്കി മലനിരകളിൽ നിന്ന് തലയുയർത്തുന്ന <u>സൂര്യൻ</u>, വിടരുന്ന പൂമൊട്ടുകൾ കിളികളുടെ ഉണർത്തുപാട്ട് നമുക്കോരോരുത്തർക്കും മുന്നിൽ പ്രഭാതം തുറന്നിടുന്ന കാഴ്ചകൾ, ശബ്ദങ്ങൾ, എല്ലാം വെവ്വേറെയാണ്.

a. അടിവരയിട്ട പദത്തിന് പകരം പദം എഴുതൂ ? (1 സ്കോർ)

b. 'പ്രദോഷം' എന്ന പദത്തിന്റെ എതിർപദം ഖണ്ഡികയിൽ നിന്ന് കണ്ടെത്തൂ (1 സ്കോർ)

c. നിങ്ങൾ കാണുന്ന പ്രഭാതത്തെക്കുറിച്ച് ഒരു വർണ്ണന തയ്യാറാക്കുക (3 സ്കോർ)

(Paper -1) (Part - B)

**English** Total Score : 10

13. *Arrange the words to make a meaningful sentence ?* (1 Score)

the language / ivan / learned / of birds ....................................................

14. *Make meaningful word from the following ?* *(1 Score)*

| D | I | P | E | R | T | C |
|---|---|---|---|---|---|---|

....................................................

15. *Answer the riddle given below ? Make another riddle ?* (3 Score)

I live both in land and water

I have four legs

I welcome the rain

Who am I

*Make a riddle about an owl ?*

................................................................................................................

................................................................................................................

................................................................................................................

................................................................................................................

................................................................................................................

................................................................................................................

16. Which word is not related to the eye ? ................................................ (1 Score)

(Scan, Stare, Peep, Feel)

17. Fill in the blanks with suitable pronoun ? (1 Score)

The little boy searched for ........................... parents ? (her, his, him he)

18. Fill in the blanks with suitable prepositions ? (3 Score)

Today was our study tour. I went to school early ........................ the morning ..........................my parents. We travelled .............................. the bus. The bus started .......................... 6'o clock. I sat..................................... Salman and Anandhu and look out ............................... the window. What a lovely sight !

(through, between, at, with, in, by)

(പേപ്പർ –I) (പാർട്ട് –സി)

# പൊതു വിജ്ഞാനം

ആകെ സ്കോർ: 10

19. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടന ? (1 സ്കോർ)

a. റെഡ്ക്രോസ് ☐ b. സ്കൗട്ട്&ഗൈഡ് ☐
c. എൻ.എസ്.എസ് ☐ d. ഗ്രീൻപീസ് ☐

20. കേരളത്തിലെ നെതർലാന്റ് എന്നറിയപ്പെടുന്നത് ? (1 സ്കോർ)

a. ഏറനാട് ☐ b. കുട്ടനാട് ☐ c. വള്ളുവനാട് ☐ d. പാലക്കാട് ☐

21. 'ഒരു കുരുവിയുടെ പതനം' ആരുടെ ആത്മകഥയാണ് ? (1 സ്കോർ)

ഉത്തരം ☐

22. കടലിലെ അകലം അളക്കുന്ന യൂണിറ്റ് (1 സ്കോർ)

a. കിലോമീറ്റർ ☐ b. മീറ്റർ ☐
c. പ്രകാശ വർഷം ☐ d. നോട്ടിക്കൽ മൈൽ ☐

23. ഏറ്റവും കൂടുതൽ വാരിയെല്ല് ഉള്ള ജീവി (1 സ്കോർ)

a. തിമിംഗലം ☐ b. ആന ☐ c. പാമ്പ് ☐ d. ജിറാഫ് ☐

24. 'പാവപ്പെട്ടവന്റെ മരം' എന്നറിയപ്പെടുന്ന വൃക്ഷം ഏത് ? (1 സ്കോർ)

a. മുള ☐ b. പ്ലാവ് ☐ c. തേക്ക് ☐ d. മാവ് ☐

25. 2014–ൽ കൈലാസ് സത്യാർത്ഥിക്കൊപ്പം സമാധാനത്തിനുള്ള നോബൽ പുരസ്കാരം പങ്കിട്ടതാര് (1 സ്കോർ)

ഉത്തരം ☐

26. നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിൽ ഇറങ്ങിയ സ്ഥലത്തിന് നൽകിയ പേര് (1 സ്കോർ)

a. പ്രക്ഷുബ്ധ സമുദ്രം ☐ b. ശാന്ത സമുദ്രം ☐
c. ശാന്തിയുടെ തീരം ☐ d. ശാന്തകവാടം ☐

27. അമേരിക്കയുടെ ഇപ്പോഴത്തെ പ്രസിഡന്റ് ആര് ? (1 സ്കോർ)

ഉത്തരം ☐

28. മത്സ്യങ്ങളുടെ ശ്വസനാവയവം (1 സ്കോർ)

a. വായ ☐ b. ചെകിളപ്പൂവ് ☐ c. ചെതുമ്പൽ ☐ d. കണ്ണ് ☐